# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)***


**Reg. No. ER/308/07**

**Website : www.mjssa.in**
**Email : mjssahq@gmail.com**
**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308, Kerala state,**
**Fax & Phone : 0484 -2730150**


**No. 1/ 2017**

**To All Sunday Schools**
**and Office bearers**

**Date: 12- 12- 2016**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

മനുഷ്യരാശിക്കു മുഴുവൻ സമാധാനവും, പ്രത്യാശയും, നിത്യരക്ഷയും പ്രദാനം ചെയ്തുകൊണ്ട് സ്നേഹം, സഹനം, ലാളിത്യം എന്നിവയുടെ സന്ദേശവുമായി ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ആഗതമായിരിക്കുന്നു. മനുഷ്യസ്നേഹത്തിന്റെ അവർണ്ണനീയമായ ആൾ രൂപമാണ് ബേത്‌ലഹേമിലെ പുൽകൂട്ടിൽ ദർശിക്കുന്നത്. ആ സന്ദേശം ഉൾക്കൊണ്ട് നാം ഒരു പുതുവർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. എല്ലാവർക്കും നവവത്സര മംഗളങ്ങൾ നേരുന്നു. യേശുവിന്റെ ശിഷ്യന്മാരായി താഴ്മയും വിനയവും ഉള്ളവരായി സത്യം, നീതി, സഹോദര സ്നേഹം, മനുഷ്യരെല്ലാം ദൈവത്തിന്റെ ദാനമാണെന്നും സഹോദരീ സഹോദരന്മാരാണെന്നും ഉള്ള തിരിച്ചറിവ്, ഇവയിലധിഷ്ഠിതമായ ജീവിത മൂല്യങ്ങൾ വളർത്തി മുന്നോട്ട് പോകുവാൻ ഈ പുതുവർഷം നമുക്ക് സംഗതിയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യസ്നേഹം നമുക്കും മറ്റുള്ളർക്കു പ്രദാനം ചെയ്യുവാൻ കഴിയണം. എന്നെ കർത്താവേ, കർത്താവേ എന്ന് വിളിക്കുന്നതിലല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിലാണ് എനിക്ക് പ്രസാദിക്കുവാൻ കഴിയുക എന്ന കർത്താവിന്റെ വചനം നമുക്ക് ഈ അവസരത്തിൽ ഓർക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനായി ശ്രദ്ധിക്കാം.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ ബാലികാ ബാലന്മാരെ സഭയുടെ കാതോലികവും ശ്ലൈഹികവും, വേദപുസ്തകപരവും ചരിത്രപരവുമായ സത്യവിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളേയും അപ്പൊസ്തോലിക പാരമ്പര്യങ്ങളേയും കുറിച്ച് യഥാർത്ഥമായ ബോധനം നൽകുന്നതോടൊപ്പം, അവരെ ആരാധനാ പരിശീലനം നൽകി ജീവനുള്ള ക്രിസ്ത്യാനിയായി വളർത്തുകയും, സദാചാരബോധമുള്ള; രാജ്യത്തിന്റെ ഉത്തമ പൗരന്മാരാക്കുകയും ചെയ്യുക എന്നതാണ് എം.ജെ.എസ്.എസ്.എ.യുടെ പരമപ്രധാനമായ ലക്ഷ്യമെന്നറിയാമല്ലോ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന്നാവശ്യമായ പഠനങ്ങളും ഉപദേശങ്ങളുമാണ് ഈ പ്രസ്ഥാനത്തിലൂടെ ലഭ്യമാകേണ്ടത്. ആയതിന് പ്രാപ്തിയുള്ള അദ്ധ്യാപക സമൂഹമാണ് ഇന്ന് സഭയിൽ ആവശ്യം. മറ്റുള്ളവർക്കു നന്മ ചെയ്യുവാനും, നന്മകൾ പ്രചരിപ്പിക്കുവാനും നമുക്ക് സാധിക്കണം. ഒരുവനിലുള്ള കുറ്റങ്ങളേയും കുറവുകളേയും സ്നേഹബുദ്ധ്യ ഉപദേശിക്കുവാൻ നമുക്ക് സാധിക്കണം. ജീവിതത്തിൽ നല്ല മൂല്യങ്ങൾ ഉണ്ടാകണം. അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് മാതൃകയാകണം.

കഴിഞ്ഞുപോയ വർഷത്തിൽ വന്നുപോയിട്ടുള്ള കുറവുകൾ പരിഹരിച്ച് പുതുവർഷത്തിൽ മുന്നോട്ട് പോകുവാൻ സാധിക്കട്ടെ. അതിനായി പ്രാർത്ഥനയോടെ നമുക്ക് ശ്രമിക്കാം. അടുത്ത ഒരു വർഷത്തിൽ അടുക്കും ചിട്ടയുമായി ഒരുമയോടെ തികഞ്ഞ പ്രതിബദ്ധതയോടെ കൂട്ടായി പ്രവർത്തിക്കാം. ആയതിനാവശ്യമായ നിർദ്ദേശങ്ങൾ ഈ സർക്കുലറിലൂടെ അറിയിക്കുന്നു.

1. എല്ലാ സർക്കുലറുകളും അദ്ധ്യാപകർക്കു സർക്കുലേറ്റ് ചെയ്യുകയോ അദ്ധ്യാപക യോഗത്തിൽ വായിച്ചു ബോദ്ധ്യപ്പെടുത്തുകയോ ചെയ്യണം. അവ പാലിച്ചു പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്.
2. 2017 ജനുവരി 1-ാം തീയതി പ്രമോഷൻ നൽകി പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിക്കണം.
3. എല്ലാ ഞായറാഴ്ചകളിലും അദ്ധ്യാപകരും കുട്ടികളും നിർബന്ധമായും ആരംഭം മുതൽ വി.കുർബ്ബാനയിൽ പങ്കെടുക്കണം.
4. സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും കഴിവതും വെള്ള വസ്ത്രം ധരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
5. അദ്ധ്യാപകരും കുട്ടികളും എല്ലാ ക്ലാസുകളിലും മുടക്കം കൂടാതെ കൃത്യസമയത്ത് ഹാജരാകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
6. സൺഡേസ്കൂളിൽ അദ്ധ്യാപകരുടെ കുറവ് ഉണ്ടെങ്കിൽ ഇടവകയിൽ അതിനു യോഗ്യരായവരേയും പ്ലസ്സ് ടൂ പഠിച്ച് പാസായിട്ടുള്ള സമർത്ഥരായവരെയും അദ്ധ്യാപകരായി നിയമിക്കാവുന്നതാണ്.
7. സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ നന്നായി പഠിപ്പിക്കുന്നതോടൊപ്പം രണ്ടു നേരമുള്ള കുടുംബപ്രാർത്ഥന ശീലമാക്കുവാൻ കുട്ടികളെ ഉപദേശിക്കണം. എഫേസ്യർ 6: 1,2,3 വാക്യങ്ങളിൽ പറയുന്ന പ്രകാരം കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെ അനുസരിച്ചും ബഹുമാനിച്ചും ജീവിതത്തിൽ മൂല്യങ്ങൾ ഉള്ളവരായി വളർന്നു വരുവാൻ വേണ്ട ഉപദേശം അദ്ധ്യാപകർ നൽകുവാൻ മറക്കരുത്.
8. 18 വയസ്സിൽ താഴെയുള്ള ഇടവകയിലെ എല്ലാ കുട്ടികളും സൺഡേസ്കൂളിൽ പഠിക്കുവാൻ ബഹു. വികാരിയുടെ നേതൃത്വത്തിൽ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും സൺഡേസ്കൂൾ കമ്മറ്റിയും പരിശ്രമിക്കേണ്ടതാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈ കാര്യം നമ്മുടെ പള്ളികളിൽ വിളിച്ചു പറയുവാൻ ബഹു.വൈദീകരെ ഹെഡ്മാസ്റ്റർമാർ ഓർമ്മപ്പെടുത്തണം.
9. ഇടവകയിൽപ്പെട്ട ഭവനങ്ങളിൽ മരണം ഉണ്ടാകുമ്പോൾ അവിടെ സൺഡേസ്കൂൾ അദ്ധ്യാപകരുടെ സജീവ സാന്നിദ്ധ്യവും സഹായ സഹകരണവും ഉണ്ടാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
10. 2016-ൽ 50 വർഷം സേവനം പൂർത്തിയാക്കിയ സൺഡേസ്കൂൾ അദ്ധ്യാപകരുടെ പേരു വിവരം ഫോട്ടോ സഹിതം 2017 ഫെബ്രുവരി 28-ാം തീയതിക്കകമായി കേന്ദ്രഓഫീസിൽ എത്തിക്കുവാൻ ബന്ധപ്പെട്ട പ്രവർത്തകരെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. (അപേക്ഷാ ഫോറം വെബ്സൈറ്റിൽ/ ഭദ്രാസന ഡയറക്ടറെ ഏൽപ്പിച്ചിട്ടുണ്ട്)
11. 2016-ൽ മരണം വഴി നമ്മെ വിട്ടുപോയ അദ്ധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരം 2017 മാർച്ച് 31-ാം തീയതിക്കകമായി കേന്ദ്ര ഓഫീസിൽ അറിയിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു.
12. ബസ്റ്റ് സൺഡേസ്കൂൾ പ്രൊഫോർമ ഭദ്രാസനത്തിൽ നിന്നും കേന്ദ്രഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2017 ഏപ്രിൽ 10 ആണെന്ന് ഓർമ്മിക്കുമല്ലോ. പുതുക്കിയ പ്രൊഫോർമ്മയാണ് ഉപയോഗിക്കേണ്ടത് എന്നത് ഓർമ്മിപ്പിക്കുന്നു. (പ്രൊഫോർമ വെബ്സൈറ്റിൽ / ഭദ്രാസന ഡയറക്ടറെ ഏല്പിച്ചിട്ടുണ്ട്.)

*മറുപുറം*

## 13. വർഷാരംഭ സ്റ്റേറ്റ്മെന്റ് 2017

വർഷാരംഭ സ്റ്റേറ്റുമെന്റ് 4 പകർപ്പുകൾ പ്രൊഫോർമ എന്നിവ ഇതോടൊപ്പം അയക്കുന്നു. അവയിൽ 3 പകർപ്പുകൾ ഹെഡ്മാസ്റ്റർമാർ ജനുവരി 15 നകം ഇൻസ്പെക്ടർമാർക്ക് നൽകേണ്ടതും ഇൻസ്പെക്ടർമാർ അവ പരിശോധിച്ച് പ്രഫോർമ സഹിതം ജനുവരി 25 നകം 2 പകർപ്പുകൾ ഡയറക്ടർമാർക്ക് നൽകേണ്ടതും ഡയറക്ടർമാർ അവ വീണ്ടും പരിശോധിച്ച് പ്രത്യേക പ്രഫോർമ സഹിതം ജനറൽ സെക്രട്ടറിക്ക് ജനുവരി 31 നകം ലഭിക്കത്തക്കവണ്ണം അയച്ചിരിക്കണം.

മുൻ വർഷങ്ങളിൽ വർഷാരംഭ സ്റ്റേറ്റ്മെന്റിൽ പല അപാകതകളും ഉള്ളതായി പരിശോധനയിൽ എം.ജെ.എസ്.എസ്.എ. ക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എല്ലാ കോളങ്ങളും കൃത്യമായും പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. ഈ വർഷം തിരഞ്ഞെടുപ്പ് വർഷം ആയതിനാലും ക്യാമ്പ് സൈറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ സ്കൂളുകളുടേയും പൂർണ്ണ വിവരങ്ങൾ എത്രയും വേഗം ലഭിക്കേണ്ടതുള്ളതുകൊണ്ടുമാണ് അവസാന തീയതി ജനുവരി 31 വച്ചിരിക്കുന്നത്. ആയതിനാൽ സമയത്തു തന്നെ വർഷാരംഭസ്റ്റേറ്റ്മെന്റ് ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ ഭാരവാഹികൾ ചെയ്യുമല്ലോ.

## 14.എം.ജെ.എസ്.എസ്.എ ക്യാമ്പ് സൈറ്റ്

എം.ജെ.എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾ നാൾക്കുനാൾ ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്കു വളർന്നു വരുന്നു. അതിന്റെ ഭാഗമായി എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ് എന്ന 3 കോടി ക ചെലവു വരുന്ന പ്രോജക്റ്റിന് രൂപം നൽകി. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 3 നിലകളിലായി നിർമ്മിക്കുന്ന ഈ പ്രൊജക്ടിൽ ഒരു വലിയ ഹാൾ, മിനി കോൺഫ്രൻസ് ഹോൾ, ഗസ്റ്റ് റൂംസ് , ലൈബ്രറി എന്നിവ ഉൾപ്പെടും. സൺഡേസ്കൂൾ അദ്ധ്യാപകർ, കുട്ടികൾ എന്നിവർക്കാവശ്യമായ സെമിനാറുകൾ, ധ്യാനയോഗങ്ങൾ, കൗൺസിംലിംഗ് ക്ലാസ്സുകൾ, All India Civil Service Exam course, കേന്ദ്ര സംസ്ഥാന തലങ്ങളിലെ Test,Interview എന്നിവയ്ക്കുള്ള Short term Course കൾ, റിസർച്ച് സെന്റർ എന്നീ ആവശ്യങ്ങൾ നിറവേറ്റുവാൻ ഈ ക്യാമ്പു സൈറ്റിലൂടെ സാധ്യമാകുവാൻ എം.ജെ.എസ്.എസ്.എ. ലക്ഷ്യമിടുന്നു. എല്ലാവരുടെയും പ്രാർത്ഥനയും കൂട്ടായ പ്രവർത്തനങ്ങളും ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുന്നു. ഈ സ്വപ്ന പദ്ധതി അദ്ധ്യാപകരുടെയും കുഞ്ഞുങ്ങളുടെയും അഭിമാനമായി കണക്കിലെടുത്തു സമയബന്ധിതമായി പൂർത്തിയാക്കുവാൻ നമുക്കു കൂട്ടായി ശ്രമിക്കാം.

## 15. പൊന്തിക്കോസ്തികാണിക്ക, ഡേ ഓഫ് ഗിവിംഗ്

എം.ജെ.എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകകൾ വളരെ കൃത്യമായി കളക്റ്റ് ചെയ്ത് യഥാസമയം തന്നെ എം.ജെ.എസ്.എസ്.എ. യിൽ ലഭിക്കുന്നതിനും അത് വ്യക്തമായി വർഷാരംഭ സ്റ്റേറ്റുമെന്റിൽ ചേർക്കുന്ന കാര്യത്തിലും ഭാരവാഹികൾ ശ്രദ്ധിക്കണം.

## 16. തെരഞ്ഞെടുപ്പ്

2017 തെരുഞ്ഞെടുപ്പ് വർഷമാണല്ലോ. ജനുവരി, ഫെബ്രൂവരി മാസങ്ങളിൽ ഡിസ്ട്രിക്റ്റ് തലത്തിലുള്ള തെരഞ്ഞെടുപ്പ് പൂർത്തിയാക്കി മാർച്ച് 1-ാം തീയതി പുതിയ ഭാരവാഹികൾ ചുമതലയേൽക്കേണ്ടതും ഭദ്രാസന തലത്തിൽ ഏപ്രിൽ, മേയ്, മാസങ്ങളിലായി തെരഞ്ഞെടുപ്പു പൂർത്തിയാക്കി മേയ് 1-ാം തീയതി പുതിയ ഭാരവാഹികൾ ചുമതല ഏൽക്കേണ്ടതുമാണ്. പുതിയ ഭാരവാഹികൾക്കു ചുമതലകൾ കൈമാറുന്നതിനു മുൻപായി പൊതുയോഗം ചേർന്നു കണക്കുകൾ, റിപ്പോർട്ടുകൾ എന്നിവ പാസ്സാക്കി ചുമതലകൾ നിലവിലുള്ള ഭാരവാഹികൾ പുതിയ ഭാരവാഹികൾക്ക് കൈമാറേണ്ടതാണ്. എം.ജെ.എസ്.എസ്.എ. നടപ്പിലാക്കുന്ന കാര്യങ്ങൾ ആത്മാർത്ഥതയോടെ നടപ്പിലാക്കുവാൻ കഴിവും, സമയവും, പ്രാപ്തിയും ദൈവാശ്രയവുമുള്ള വ്യക്തികൾ ചുമതലക്കാരായി മുന്നോട്ടു വരുവാൻ തയ്യാറാകുകയും; അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നതും പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുവാൻ ഉപകരിക്കുമല്ലോ. തെരഞ്ഞെടുപ്പുകൾ കഴിവതും ഏകകണ്ഠമാകുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

## 17. സൺഡേസ്കൂൾ കമ്മിറ്റി

എം.ജെ.എസ്.എസ്.എ. ഭരണഘടന 15 ൽ പറയുന്ന 7 അംഗങ്ങളടങ്ങുന്ന താഴെ പറയുന്ന പ്രകാരമുള്ള സൺഡേസ്കൂൾ കമ്മിറ്റി എല്ലാ സൺഡേസ്കൂളുകളിലും ഉണ്ടായിരിക്കേണ്ടതാണ്.

1. ബഹു.വികാരി (പ്രസിഡന്റ്)
2. ഹെഡ്മാസ്റ്റർ (സെക്രട്ടറി)
3. പള്ളി മാനേജിംഗ് കമ്മിറ്റിയിൽ നിന്നും ഒരു ട്രസ്റ്റി
4. അദ്ധ്യാപക പ്രതിനിധികൾ രണ്ട്
5. രക്ഷകർത്താക്കളിൽ നിന്നും രണ്ട് പ്രതിനിധികൾ

## 18. വാർഷിക പരീക്ഷ

പത്താം ക്ലാസ്സിലേയും പന്ത്രണ്ടാം ക്ലാസ്സിലേയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി റിസൽട്ട് 2017 ജനുവരി 13-ാം തീയതി  പ്രസിദ്ധീകരിക്കുന്നതിന് ആഗ്രഹിക്കുന്നു. ഉത്തരക്കടലാസുകൾ റീവാല്യൂ ചെയ്യുന്നതിന് 100 രൂപാ ഫീസടച്ച് ഹെഡ്മാസ്റ്റർ വഴി കുട്ടിയുടെ അപേക്ഷ ഫെബ്രുവരി 15-ാം തീയതിക്കകമായി കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ടതാണ്. 2017 വർഷത്തെ 10,11,12 ക്ലാസുകളിലെ എ ലിസ്റ്റ് പരീക്ഷാസ്റ്റേറ്റുമെന്റുകൾ എന്നിവ യഥാസമയം തന്നെ കൃത്യമായി അയക്കുന്നതിൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതും അവ പരിശോധിച്ച് ഇൻസ്പെക്ടർമാർ കേന്ദ്ര ഓഫീസിൽ യഥാസമയം തന്നെ എത്തിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാതെ വരികയോ തെറ്റായ തരത്തിൽ സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കുകയോ ചെയ്യുന്നതായാൽ അപ്രകാരമുള്ള കുട്ടികൾക്കു പരീക്ഷ എഴുതുവാൻ സാധിക്കുകയില്ലെന്നറിയിക്കുന്നു.

## 19. XI-ാം ക്ലാസ്സിലെ ഉത്തരകടലാസ്

ഡിസ്ട്രിക്റ്റ് തലത്തിൽ മൂല്യനിർണ്ണയം നടത്തി പ്രൊമോഷൻ കൊടുക്കേണ്ടതും തന്നിരിക്കുന്ന രജിസ്റ്റർ നമ്പരിട്ട എ ലിസ്റ്റിൽ മാർക്ക് രേഖപ്പെടുത്തി 2017 ജനുവരി 31 നകം ഇൻസ്പെക്ടർമാർ കേന്ദ്രഓഫീസിൽ നിർബന്ധമായും തിരിച്ചേൽപ്പിക്കേണ്ടതുമാണ്. അപ്രകാരം ലഭിക്കാതിരുന്നാൽ XII ാം ക്ലാസിലെ പരീക്ഷയ്ക്ക് എഴുതുവാൻ കുട്ടികൾക്ക് സാധിക്കാതെ വരും. XI ാം ക്ലാസ് പാസ്സാകാത്തവരെ XII ാം ക്ലാസ്സിൽ ചേർന്നു പഠിക്കുന്നതിനോ + 2 പരീക്ഷ എഴുതുന്നതിനോ അനുവദിക്കുകയില്ല. പത്താം ക്ലാസിൽ പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുകയോ പരീക്ഷ പാസാകാതിരിക്കുകയോ ചെയ്യുന്ന കുട്ടികൾ തുടർന്ന് റഗുലർ സ്റ്റുഡന്റസ് ആയിരിക്കുന്നതല്ല. പ്രൈവറ്റ്സ്റ്റുഡന്റ് ആയി ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്ന അവർക്ക്, 18 വയസ്സ് നിബന്ധന ബാധകമായിരിക്കുകയില്ല.

## 20. പ്ലസ് 2 കോഴ്സ്

പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകൾ വിജയകരമായി നടന്നു വരുന്നതിൽ നമുക്ക് അഭിമാനിക്കാം. ടി കോഴ്സ് ആരംഭിക്കാത്ത സൺഡേസ്കൂളുകളിൽ  ഈ  വർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ ഉത്സാഹിക്കണം. അദ്ധ്യാപകർ പാഠഭാഗങ്ങൾ പഠിച്ച് പ്രാർത്ഥിച്ച് ഒരുങ്ങുമല്ലോ. 10-ാം ക്ലാസിനുശേഷം കുട്ടികൾ തുടർ വിദ്യാഭ്യാസത്തിനു താത്പര്യം കാണിക്കുന്നില്ലെന്ന്  മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ഇടവക വികാരി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

21. **10,11,12** ക്ലാസിലെ കുട്ടികളുടെ രജിസ്ട്രേഷൻ ഫോം ഇതോടൊപ്പം അയച്ചു തരുന്നു. 2017 ജൂലൈ 31 നു മുമ്പ് കുട്ടികളുടെ രജിസ്ട്രേഷൻ നടത്തിയിരിക്കേണ്ടതാണ്.

22. **ജെ.എസ്.വി.ബി.എസ്.**

2017 ലെ ജെ.എസ്.വി.ബി.എസ്. പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിന് വേണ്ടതായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കൂടുതൽ കേന്ദ്രങ്ങളിൽ ജെ.എസ്.വി.ബി.എസ്. നടത്തുവാൻ ശ്രദ്ധിക്കണം. ജെ.എസ്.വി.ബി.എസ് സംബന്ധിച്ചുള്ള വിശദമായ സർക്കുലർ അയക്കുന്നതാണ്. ഈ വർഷം പാഠപുസ്തകങ്ങൾക്കൊപ്പം Audio CD കൂടി നൽകുന്നതാണ്. Day of Giving ഇനത്തിൽ 2015-2016 ൽ 934158/- രൂപ ലഭിക്കുകയുണ്ടായി. ഈ തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്, ആയത് മനസ്സിലാക്കി ഈ വർഷം കൂടുതൽ തുക ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

23. **ജീവകാരുണ്യ പ്രവർത്തനങ്ങൾ**

സൺഡേസ്കൂൾ വിദ്യാർത്ഥികൾ ജീവകാരുണ്യ പ്രവർത്തനങ്ങളെ കുറിച്ച് ബോധവാന്മാരാകത്തക്കവിധം സൺഡേസ്കൂൾ തലത്തിൽ വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. M.J.S.S.A. ഈ വർഷം നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും കഴിയുന്ന രീതിയിൽ സഹായിക്കുകയും ചെയ്യുമല്ലോ. 2016-17 ൽ 15 ലക്ഷത്തോളം രൂപ ജീവകാരുണ്യ പ്രവർത്തനത്തിനായി വിനിയോഗിച്ചിട്ടുണ്ട് എന്നറിയിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഈ വർഷം അഞ്ച് വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സഹായവും രണ്ട് പേർക്ക് ഭവന നിർമ്മാണ ധനസഹായവും നൽകുന്നുണ്ട്.

24. **ആത്മദീപം മാസിക/പുതിയ വരിക്കാർ**

ഈ വർഷം ആത്മദീപം പ്രചരണം 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതാണ്. ആണ്ടാരംഭത്തിൽ 1-ാം ക്ലാസ്സിൽ 5000 ൽപരം കുട്ടികൾ പുതുതായി സൺഡേസ്കൂളിൽ ചേരുന്നതാണ്. എല്ലാ കുട്ടികളുടേയും ഭവനങ്ങളിൽ ആത്മദീപം നിർബന്ധമായും ഉണ്ടാകണമെന്നതാണ് എം.ജെ.എസ്.എസ്.എ. ലക്ഷ്യമിടുന്നത്. അതോടൊപ്പം എല്ലാ അദ്ധ്യാപകരുടേയും, കുട്ടികളുടേയും കുടുംബങ്ങളിലും ആത്മദീപം എത്തണം. മാർച്ച് 31-നകം ഇതു പൂർത്തിയാക്കണം. ആയതിനുള്ള ശ്രമങ്ങൾ ഹെഡ്മാസ്റ്റർമാർ, ആത്മദീപം ഓർഗനൈസർമാർ എന്നിവർ സൺഡേസ്കൂൾ തലങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. ആയതു സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് പ്രത്യേക പ്രൊഫോർമയിൽ ഇൻസ്പെക്ടർ/ ഡയറക്ടർമാർ എന്നിവർ തയ്യാറാക്കി ജനറൽ സെക്രട്ടറിക്കു എല്ലാ മാസവും 10-ാം തീയതിക്കകം ലഭിക്കത്തക്കവണ്ണം ഡയറക്ടർമാർ അയച്ചു തരേണ്ടതാണ്.

25. **സുറിയാനി പഠനം**

നമ്മുടെ കർത്താവും ശിഷ്യന്മാരും സംസാരിച്ചിരുന്ന സുറിയാനി ഭാഷ പഠിപ്പിക്കുന്നതും പഠിക്കുന്നതും അഭിമാനകരമാണ്. ഭദ്രാസന തലത്തിലും ഡിസ്ട്രിക്റ്റ് തലത്തിലും സുറിയാനി പഠനം തുടർന്നും നടത്തുവാൻ എല്ലാവരും സഹകരിക്കുകയും ഭാരവാഹികൾ ഉത്സാഹിക്കുകയും ചെയ്യുമല്ലോ.

26. **പാഠപുസ്തകങ്ങൾ**

എല്ലാ പാഠപുസ്തകങ്ങളും **M.J.S.S.A.** കേന്ദ്രഓഫീസിൽ വിതരണത്തിന് തയ്യാറായിട്ടുണ്ട്. പാഠപുസ്തക വില താഴെ കൊടുക്കുന്നു. അടുത്ത അദ്ധ്യയന വർഷം പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള ക്രമീകരണം ചെയ്തുവരുന്നു.

| ക്ലാസ്സ് | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Tha. vak. | Ara. Geet. | Att. Reg. | Ad. Fo. | Ad. Reg. | Bi. Atl. | Syr. | Con. | Ye. Plan | Man. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വില | **9** | **10** | **12** | **14** | **15** | **17** | **18** | **20** | **21** | **23** | **20** | **20** | **12** | **12** | **10** | **1** | **150** | **20** | **6** | **15** | **5** | **6** |

27. **വർക്ക് ബുക്ക്**

താഴ്ന്ന ക്ലാസുകളിലെ കുട്ടികളുടെ പഠനം ആകർഷകമാക്കുന്നതിന് വേണ്ടി 1,2,3,4 ക്ലാസുകളിലേക്ക് M.J.S.S.A. നിലവിലുള്ള പാഠഭാഗങ്ങളുടെ വർക്ക്ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. ജെ.എസ്.വി.ബി.എസ്. മോഡലിൽ ഉള്ള വർക്ക്ബുക്ക് കുട്ടികൾക്ക് പാഠഭാഗങ്ങൾ പഠിക്കുന്നതിന് വളരെ സഹായകരമായിരിക്കും. നമ്മുടെ എല്ലാ കുട്ടികൾക്കും വർക്ക്ബുക്ക് നൽകുന്നതിന് ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വർക്കുബുക്കിന്റെ വില I - 22, II-23, III-25, IV -25 രൂപ ആയിരിക്കും.

28. **മാനുവൽ**

പരിഷ്ക്കരിച്ച മാനുവൽ എല്ലാ സ്കൂളുകൾക്കും ഇൻസ്പെക്ടർമാർ വഴി ലഭിച്ചുവെന്ന് കരുതുന്നു. മാനുവലിൽ കാലാകാലങ്ങളിൽ മാറ്റങ്ങൾ വന്നാൽ ആയതു സർക്കുലർ വഴി ഭേദഗതികൾ അറിയിക്കുന്നതാണ്.

29. **വാർഷിക പിരിവ്**

സൺഡേസ്കൂൾ അസ്സോസിയേഷൻ ഫണ്ടായി അടച്ചു വരുന്ന 100/- ക. യ്ക്ക് പുറമെ അദ്ധ്യാപകരുടെ പെൻഷൻ പദ്ധതിയ്ക്കായി ഓരോ സ്കൂളുകളും 100/- ക. വിഹിതമായി അടച്ചിരിക്കണം. ഇതിനും പുറമെ സൺഡേസ്കൂൾ അദ്ധ്യാപകർ രക്ഷിതാക്കൾ ഇടവക പള്ളികൾ സൺഡേസ്കൂളുകൾ മറ്റ് അഭ്യൂതയകാംഷികൾ എന്നിവരിൽ നിന്നും ഈ പദ്ധതിയിൽ തുകകൾ സംഭാവനയായി നൽകാവുന്നതാണ്.

30. **അദ്ധ്യാപക പെൻഷൻ**

അദ്ധ്യാപകർക്കുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച് മാനുവലിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള അപേക്ഷകൾ ജനറൽ സെക്രട്ടിക്കു അയക്കാവുന്നതാണ്. നാളിതുവരെ ലഭിച്ച അപേക്ഷ പ്രകാരം മുഴുവൻ അദ്ധ്യാപകർക്കും പ്രതിമാസ പെൻഷൻ അനുവദിക്കുവാൻ സാധിച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്ന അദ്ധ്യാപകർ തൊട്ടടുത്ത ഫെഡറൽ ബാങ്ക് ബ്രാഞ്ചിൽ എസ്.ബി. നിക്ഷേപ കണക്ക് ആരംഭിക്കുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കും.

സ്നേഹാദരങ്ങളോടെ
കർത്താവിൽ എളിയ ശുശ്രൂഷകൻ



**ഷെവ. എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി (0485-2246211)**
**MOB: 9745046911, 8281325911**